മധുരമായ കുട്ടികളേ - ബാബയുടെ ആശയാണ്, കുട്ടികള് പൂര്ണ്ണമായും നഷ്ടമോഹയാകുക എന്നത്, ബാബാ അങ്ങ് ഞങ്ങളുടേതാണ്, ഞങ്ങള് അങ്ങയുടേതാണ് എന്ന് എപ്പോള് ദൃഢ പ്രതിജ്ഞ ചെയ്യുന്നുവോ അപ്പോള് സത്യമായ പ്രീതി ഉണ്ടാകും.

ചോദ്യം :- രുദ്ര ശിവബാബ മുഖേന രചിക്കപ്പെട്ട യജ്ഞവും മനുഷ്യര് രചിച്ച് കൊണ്ടിരിക്കുന്ന യജ്ഞവും തമ്മിലുള്ള മുഖ്യ അന്തരം എന്താണ്?

ഉത്തരം :- മനുഷ്യര് രചിക്കുന്ന യജ്ഞത്തില് യവം, എള്ള് എന്നിവ സ്വാഹ ചെയ്യുന്നു, അത് ഭൗതികവസ്തുക്കളുടെ യജ്ഞമാണ്. ബാബ രചിച്ച യജ്ഞം അവിനാശി ജ്ഞാന യജ്ഞമാണ്, ഇതില് പഴയ ലോകം മുഴുവനും സ്വാഹയാകുന്നു. 2-ആ യജ്ഞം അല്പ്പ കാലം മാത്രം നടക്കുന്നതാണ്, ഈ യജ്ഞം വിനാശം ഉണ്ടാകുന്നത് വരെ നടന്ന് കൊണ്ടിരിക്കും. നിങ്ങള് കുട്ടികള് കര്മ്മാതീത അവസ്ഥയില് എത്തുമ്പോള് യജ്ഞവും സമാപ്തമാകും.

ഗീതം :- നിര്ബലരുമായി ബലവാന്റെ യുദ്ധം......

ഓംശാന്തി. ഇപ്പോള് കുട്ടികള്ക്കറിയാം ഇതിനെ പാഠശാല എന്നും, ജ്ഞാനയജ്ഞം എന്നും പറയും. പാഠശാല എന്ന നിലക്ക് തീര്ച്ചയായും ഉദ്ദേശ്യ ലക്ഷ്യങ്ങള് ഉണ്ടായിരിക്കും. ഇപ്പോള് ഇത് യജ്ഞവുമാണ് പാഠശാലയും ആണ്. ഇത് രുദ്ര ജ്ഞാനയജ്ഞമാണ്, മറ്റുള്ളവര് ഇതിനെ കോപ്പി ചെയ്യുന്നു. സ്ഥൂലമായ യജ്ഞം രചിക്കുന്നു. അതില് യവം, എള്ള് എന്നിവ ആഹുതി ചെയ്യുന്ന വേറെ ചിലര് വളരെ വലിയ യജ്ഞം രചിക്കുന്നു അവിടെ നാല് വശവും വേദഗ്രന്ഥങ്ങള് വെക്കുന്നു. ഇതിനുവേണ്ടി വളരെ വലിയ സ്ഥലം എടുക്കുന്നു. പിന്നീട് ഒരു ഭാഗത്ത് അരി, നെയ്യ്, ആട്ട എന്നിവ വെക്കുന്നു മറുഭാഗത്ത് എല്ലാ ശാസ്ത്രങ്ങളും വെക്കുന്നു. ഏത് ശാസ്ത്രമാണോ ആവശ്യപ്പെടുന്നത് പിന്നെ അത് സംബന്ധിച്ച് കേള്പ്പിക്കുന്നു, പിന്നീട് യജ്ഞത്തില് സ്വാഹ ചെയ്യുന്നു. ബാബ പറയുന്നു രുദ്രന് എന്നത് എന്റെ പേരാണ്. രുദ്രഭഗവാന് ജ്ഞാനയജ്ഞം രചിച്ചു എന്ന് പറയാറുണ്ട്. ഇതിന്റെ പേര് രുദ്രജ്ഞാന യജ്ഞം എന്നറിയപ്പെട്ടു. നെഹ്റുവിന് ശേഷം നെഹ്റു മാര്ഗ്ഗ്, നെഹ്റു പാര്ക്ക് എന്നെല്ലാം പേര് വെച്ചത് പോലെ. രുദ്രന് എന്നാല് ഭഗവാന് ശിവനാണ്. ആ ശിവന് തന്നേയാണ് രുദ്ര ജ്ഞാനയജ്ഞം രചിച്ചത്. ഈ യജ്ഞത്തില് പഴയ ലോകം മുഴുവന് ആഹുതി ചെയ്യപ്പെടുന്നു. ഇതാരുടെ ബുദ്ധിയിലും ഇല്ല. എത്ര വലിയ സൃഷ്ടിയാണ്. എത്ര വിസ്തൃതമായ പട്ടണങ്ങളാണ്. എല്ലാം ഈ അവിനാശീ ജ്ഞാന യജ്ഞത്തില് ആഹുതി ചെയ്യപ്പെടും. പഴയ ലോകത്തിന്റെ വിനാശം തീര്ച്ചയായും ഉണ്ടാകും, പിന്നീട് പുതിയ ലോകം ഉണ്ടാക്കും. വിനാശത്തിന് പ്രകൃതി ദുരന്തങ്ങളും സഹായകമാകുന്നു, ഇത് രുദ്ര രാജസ്വ അശ്വമേധ അവിനാശീ ജ്ഞാനയജ്ഞമാണ്. അവിനാശീ എന്നാല് വിനാശം ഉണ്ടാകുന്നത് വരെ നിലനില്ക്കും. ഇങ്ങിനെ മറ്റേതൊരു യജ്ഞവും നടക്കുന്നില്ല. ഏറ്റവും കൂടിയാല് ഒരു മാസം നടക്കും. ഗീതയും ഒരുമാസമാണ് കേള്പ്പിക്കുക. ഞാനാണ് ഈ ജ്ഞാനയജ്ഞം രചിച്ചത് എന്ന് ബാബ മനസിലാക്കി തരുന്നു. ഇത് രാജസ്വ അശ്വമേധമാണ് നിങ്ങളുടെ രഥത്തെ സ്വാഹ ചെയ്യണം, ബലിയര്പ്പിക്കണം. അവര് പേര് വേറൊന്ന് വെച്ചു. ദക്ഷ പ്രജാപതിയുടെ യജ്ഞം കാണിക്കുന്നു, അതില് കുതിരയെ കത്തിക്കുന്നു. വലിയ കഥയാണ്. ഇത് എന്റെ അവിനാശീ ജ്ഞാനയജ്ഞമാണ് എന്ന് ബാബ മനസിലാക്കി തരുന്നു. അവിനാശിയിലൂടെ അവിനാശീ യജ്ഞം. സദാ ഇത് നടന്ന് കൊണ്ടിരിക്കുകയില്ല. മുഴുവന് ലോകത്തേയും സ്വാഹ ചെയ്യുന്ന സമയം വരുന്നത് വരെ ഈ യജ്ഞം നടക്കും കാരണം ബാബ ജ്ഞാനസാഗരനാണ്. ഭക്തിയില് ധാരാളം ശാസ്ത്രങ്ങളുണ്ട്. ബാബ ജ്ഞാനസാഗരനാണെങ്കില് തീര്ച്ചയായും ആ ബാബയുടെ പക്കല് പുതിയ ജ്ഞാനം ഉണ്ടാകും. ബാബ തന്റെ പൂര്ണമായ പരിചയം നല്കുന്നു പിന്നീട് സൃഷ്ടി ചക്രം എങ്ങിനെ കറങ്ങുന്നു എന്നും മനസിലാക്കി തരുന്നു, അതിലൂടെ ആത്മാവ് ത്രികാല ദര്ശിയാകുന്നു. ത്രികാലദര്ശിയാക്കുന്ന ജ്ഞാനം മറ്റാര്ക്കും നല്കാന് സാധിക്കില്ല. ഒന്നാമതായി ജ്ഞാനം ധാരണ ചെയ്യണം, രണ്ടാമത് നിങ്ങള് കുട്ടികള് യോഗബലത്തിലൂടെ വികര്മ്മാജീത്താകണം. തലയിലുള്ള ജന്മ ജന്മാന്തര പാപത്തിന്റെ ഭാരം കത്തിക്കുന്നതിന് സമയമെടുക്കും. എത്ര വര്ഷമായി എന്നിട്ടും കര്മ്മാതീതമായില്ല. കര്മ്മാതീത അവസ്ഥയില് എത്തി ചേരുമ്പോള് യജ്ഞവും സമാപിക്കും. ഇത് വളരെ വലിയ യജ്ഞമാണ്. അടയാളങ്ങള് കാണുന്നുണ്ട്, തയ്യാറെടുപ്പുകള് നടന്ന് കൊണ്ടിരിക്കുന്നു. നിങ്ങള്ക്ക് മുന്നോട്ട് പോകുമ്പോള് പ്രകൃതി

ദുരന്തങ്ങള്ക്കുള്ള തയ്യാറെടുപ്പുകളും നടന്ന് കൊണ്ടിരിക്കുന്നത് കാണാന് സാധിക്കും. ഇടക്ക് കനത്ത വെള്ളപൊക്കം ഉണ്ടാകും, ഇടയ്ക്ക് ഭൂമികുലുക്കം ഉണ്ടാകും, ഇടയ്ക്ക് ക്ഷാമം ഉണ്ടാകും. നാല് വര്ഷത്തെ പദ്ധതികള് ഉണ്ടാക്കി ഇനി ധാന്യങ്ങള് ധാരാളം ഉണ്ടാകും എന്നെല്ലാം അവര് വെറുതെ പൊങ്ങച്ചം പറയുകയാണ്. കഴിക്കാനുള്ള മനുഷ്യര് വളരെ കൂടുതലാണ്. മനുഷ്യര് മാത്രമല്ല വെട്ടുകിളികളും, കീടങ്ങളും എല്ലാം തിന്നുന്നു. വെള്ളപ്പൊക്കം വന്ന് വളരെ നഷ്ടമുണ്ടാക്കുന്നു. ഈ പാവങ്ങള്ക്ക് ഇതൊന്നും അറിയില്ല. നിങ്ങള്ക്കറിയാം ക്ഷാമങ്ങളും മറ്റും തീര്ച്ചയായും ഉണ്ടാകുക തന്നെ ചെയ്യും എന്ന്. അടയാളങ്ങള് കാണപ്പെടും. യുദ്ധം ചെറുതായി ഉണ്ടായാല് മതി ധാന്യങ്ങള് വരുന്നത് തടസ്സപ്പെടും. മുമ്പ് യുദ്ധത്തില് എത്ര കപ്പലുകള് മുങ്ങിയിരുന്നു. പരസ്പരം വളരെ നഷ്ടങ്ങളുണ്ടാക്കിയിരുന്നു.

ബാബ പറയുന്നു, അയ്യായിരം വര്ഷം മുമ്പും ഈ യജ്ഞം രചിച്ചിരുന്നു, നിങ്ങള് രാജയോഗം പഠിക്കുകയും ചെയ്തിരുന്നു. ഇത് ബ്രാഹ്മണരിലൂടെയാണ് രചിക്കപ്പെടുന്നത്. ഗീതയില് യുദ്ധത്തിന്റേയും മറ്റും കാര്യങ്ങള് എഴുതിയിട്ടുണ്ട്. സഞ്ജയന് എന്നിവരെല്ലാം ഉണ്ട്. ഇവയെല്ലാം ഭക്തിമാര്ഗ്ഗത്തിലെ സാമഗ്രികളാണ്. ഇതും അവിനാശിയാണ്. വീണ്ടും ഭക്തിമാര്ഗ്ഗത്തില് അതേ സാമഗ്രികള് പുറത്ത് വരും. രാമായണം തുടങ്ങി പുറത്തിറങ്ങിയിട്ടുള്ള ശാസ്ത്രങ്ങളെല്ലാം വീണ്ടും പുറത്ത് വരും. ആരുടെ രാജധാനി ഉണ്ടായിരുവോ, ഇംഗ്ലീഷുകാര് വന്നു, മുസ്ലീമുകള് വന്നു, ഇവരെല്ലാം വന്നുപോയതാണ്, വീണ്ടും വരും. വീണ്ടും വിഭജനം ഉണ്ടാകും. ഈ കാര്യങ്ങളെല്ലാം നിങ്ങള്ക്ക് മനസിലാകും, നിങ്ങളിലും നമ്പര്ക്രമത്തിലായിരിക്കും. ചിലര്ക്ക് ഒന്നും അറിയില്ല. ബാബ മനസിലാക്കി തരുന്നു എത്ര യജ്ഞങ്ങള് രചിക്കുന്നു. വാസ്തവത്തില് അവിനാശീ അശ്വമേധ രുദ്രജ്ഞാനയജ്ഞം രുദ്ര ശിവഭഗവാന് തന്നേയാണ് രചിച്ചത്, കൃഷ്ണന് രചിച്ചിട്ടില്ല. കൃഷ്ണന്റെ അതേ ചിത്രം സത്യയുഗത്തില് മാത്രമേ ഉണ്ടാകൂ, പിന്നീടൊരിക്കലും ലഭിക്കില്ല കാരണം അദ്ദേഹം നാമ രൂപ ദേശ കാലങ്ങളെല്ലാം മാറ്റുന്നു. കൃഷ്ണന് തന്നെ വന്ന് സ്വയം പതിത പാവനന് എന്ന് പറയപ്പെടുക സാധ്യമല്ല. പതിത പാവനന് ഒരേയൊരു പരമാത്മാവാണ്. ആദ്യം തന്നെ എന്ത് കൊണ്ട് രൂപം കാണിച്ച് തന്നില്ല എന്ന് നിങ്ങള് ചോദിക്കും, അങ്ങിനെ ചെയ്യില്ല. എല്ലാം ആദ്യം തന്നെ പറയുകയേ ഇല്ല. ആദ്യം തന്നെ എന്ത് കൊണ്ട് ഈ ജ്ഞാനം നല്കുന്നില്ല, ഒറ്റ ദിവസം കൊണ്ട് ജ്ഞാനം നല്കാത്തത് എന്ത് കൊണ്ടാണ് എന്നെല്ലാം നിങ്ങള് ചോദിക്കും. എന്നാല് അങ്ങിനെ ചെയ്യില്ല, ഇത് ജ്ഞാനസാഗരനാണ് അതിനാല് തീര്ച്ചയായും മെല്ലെ മെല്ലെ ക്രമത്തില് കേള്പ്പിച്ച് കൊണ്ടിരിക്കും. എല്ലാവരും ഒരേ സമയം പഠിക്കുകയും ചെയ്യുന്നില്ല. നമ്പര് ക്രമത്തില് പഠിക്കുകയും പഠനത്തില് സമയെടുക്കുകയും ചെയ്യും. ഇതിന്റെ പേര് തന്നെ അവിനാശീ രുദ്രജ്ഞാന യജ്ഞം എന്നാണ്. ഇപ്പോള് ഇത് എവിടേയും എഴുതി വെച്ചിട്ടില്ല. ശാസ്ത്രങ്ങളില് ഭാരതത്തിന്റെ സഹജ രാജയോഗം എന്ന് പേരിന് മാത്രം അക്ഷരങ്ങള് എഴുതി വെച്ചിരിക്കുന്നു. ശരി, എപ്പോഴാണ് പ്രചീനം ?ആരംഭത്തില്. എങ്കില് തീര്ച്ചയായും ഈ അവിനാശീ ജ്ഞാന യജ്ഞത്തിലൂടെ തന്നെ സ്വര്ഗം ഉണ്ടാക്കപ്പെടും. ബാബ പറയുന്നു കല്പ്പ കല്പ്പം സംഗമയുഗത്തില് ഞാന് വരുന്നു. അവര് തെറ്റിച്ചുകളഞ്ഞു, സമയവും മാറ്റി. പിന്നീട് സത്യയുഗത്തിന്റെ ആയുസ് ലക്ഷം വര്ഷം എന്ന് എഴുതി വെച്ചു, വീരവാദം മുഴക്കി. ഇത് നാല് ഭാഗമാണ്. സ്വസ്തികയിലും നാല് ഭാഗങ്ങള് ഉണ്ട്, ജ്ഞാനവും ഭക്തിയും. അരകല്പ്പം ജ്ഞാന പകല്. അരകല്പ്പം ഭക്തിയാകുന്ന രാത്രി. ജ്ഞാനത്തിന്റെ പ്രാലബ്ധമായി വെണ്ണ ലഭിക്കുന്നു, ഭക്തിയുടെ പ്രാലബ്ധമായി മോര് ലഭിക്കുന്നു. അധ:പതിച്ച് പാടെ നശിക്കുന്നു. പുതിയ ലോകത്തിന് വീണ്ടും തീര്ച്ചയായും പഴയതാകണം. കലകള് കുറഞ്ഞ് വരുന്നു അതിനാല് ഇപ്പോള് ഇതിനെ ഭ്രഷ്ടാചാരീ എന്ന് വിളിക്കുന്നു. ആസുരീയ ലോകമല്ലേ. ഈ ഭക്തി എന്നിവ ചെയ്യുന്നതിലൂടെ ഒരിക്കലും ഭഗവാനെ ലഭിക്കില്ല എന്ന് നിങ്ങള്ക്കറിയാം. ഭക്തി ചെയ്ത് കൊണ്ടേ വരുന്നു, അവസാനിക്കുന്നില്ല. ഭഗവാനെ ലഭിച്ചു എങ്കില് അവസാനിക്കില്ലേ. അര കല്പ്പം ഭക്തി നടക്കണം. ഈ കാര്യങ്ങളെല്ലാം ഭക്തര്ക്ക് മനസിലാക്കി കൊടുക്കണം. ലോകം എങ്ങിനെ ഉണ്ടാകുന്നു എന്നത് ചിത്രങ്ങളിലൂടെ സാക്ഷാത്കാരം ചെയ്യിക്കണം. പഴയ ലോകം അവസാനിക്കുന്നു പിന്നീട് പുതിയത് സ്ഥാപിക്കുന്നു. ഇപ്പോള് എക്സിബിഷന് എന്നിവയ്ക്ക് ഏതെങ്കിലും വലിയ ആളുകളേ കൊണ്ട് ഉദ്ഘാടനം ചെയ്യിക്കുന്നു. സഹായം സ്വീകരിക്കേണ്ടി വരുന്നില്ലേ. അവര്ക്ക് പിന്നീട് നന്ദി പറയുന്നു. ആശംസകളറിയിക്കാന് കമ്പിസന്ദേശം അയക്കുന്നു. എത്ര വലിയ വലിയ പേരുകളാണ് സ്വയത്തിന് വെക്കുന്നത്. ശ്രീ ശ്രീ എന്ന പേരും വെക്കുന്നു. ശ്രീ ശ്രീ ബാബ മനസിലാക്കി - തരുന്നു ശ്രേഷ്ഠാചാരീ ലോകമായിരുന്നു ഇപ്പോള് ഭ്രഷ്ടാചാരിയാണ്. വീണ്ടും ബാബ ശ്രേഷ്ഠാചാരിയാക്കുന്നതിന് വന്നിരിക്കുന്നു. ആ ബാബ സ്വയത്തിന് ആദ്യമേ തന്നെ ശ്രീ എന്ന പേര് വെക്കുന്നു. വാസ്തവത്തില് ശ്രീ ലക്ഷ്മീ, ശ്രീ നാരായണന് എന്ന് സത്യയുഗത്തില് തന്നേയാണ് പറയുന്നത്. രാജാക്കന്മാര്ക്ക് ശ്രീ എന്ന പേര് ഒരിക്കലും വെക്കുകയില്ല.

അവരെ ഹിസ് ഹൈനസ് എന്ന് പറയുന്നു. ഏറ്റവും വലിയ (ഹിസ് ഹോളിനസ് ) ലക്ഷ്മീ നാരായണനെ രാജാക്കന്മാര് കൂടി പൂജിക്കുന്നു, കാരണം അവര് പവിത്രരായിരുന്നു. സ്വയം പതിതമാണ്. പവിത്ര രാജാക്കന്മാരെ ഹിസ് ഹോളിനസ് എന്ന് പറയുന്നു. ഇപ്പോള് ഹിസ് ഹൈനസ് എന്നതിന് പകരം വളരെ അധികം പേരുകള് എല്ലാവര്ക്കും നല്കുന്നു. ശ്രീ ശ്രീ എന്ന് പറയുന്നു. ഇപ്പോള് പരിധിയില്ലാത്ത അച്ഛന് നിങ്ങളെ ശ്രീ ആക്കി കൊണ്ടിരിക്കുന്നു. പുതിയ ലോകം എങ്ങിനെ സ്ഥാപിതമാകുന്നു, ചിത്രങ്ങളിലൂടെ തന്നെ മനസിലാക്കി കൊടുക്കാം. ഞങ്ങള് ഭ്രഷ്ടാചാരിയില് നിന്ന് ശ്രേഷ്ഠാചാരികളാക്കുന്ന സേവനം ചെയ്ത് കൊണ്ടിരിക്കുന്നു, താങ്കള് ഉദ്ഘാടനം ചെയ്യൂ. സെക്കന്റില് ജീവന്മുക്തി എന്ന് പാടാറില്ലേ എന്ന് അവര്ക്ക് മനസിലാക്കി കൊടുക്കണം. മനസിലാക്കി കൊടുക്കുന്നവര് നല്ല ഉത്സാഹികളാകണം, ചുറു ചുറുക്കുള്ളവരാകണം. മിലിറ്ററിക്കാര് എത്ര ടിപ്പ് ടോപ്പിലാണിരിക്കുക. നിങ്ങള് കുട്ടികളുടെ പേര് എത്ര വലുതാണ് ശിവശക്തി സേന !ഈ ജ്ഞാനം ലഭിക്കുന്നത് തന്നെ അബലകള്ക്കും, അഹല്യകള്ക്കുമെല്ലാമാണ്. ഇവിടത്തെ കാര്യങ്ങള് തന്നെ അത്ഭുതമാണ്. ഉയര്ന്നതിലും ഉയര്ന്ന ഭഗവാന് പഠിപ്പിക്കുന്നത് ആരേയെന്ന് നോക്കു! അഹല്യകളേയും, കൂനികളേയും. ഭഗവാനുവാച - അവരെ രാജയോഗം പഠിപ്പിക്കുന്നു, ഡ്രാമയില് ഇതും അടങ്ങിയിരിക്കുന്നു. എന്നാല് സ്വയം പാപാത്മാവെന്ന് ആരും തന്നെ മനസിലാക്കുന്നില്ല. ബാബ പറയുന്നു ഈ അന്തിമ ജന്മം പവിത്രമാകുകയാണെങ്കില് ഒരു സെക്കന്റില് ജീവന്മുക്തി പ്രാപിക്കാന് സാധിക്കും. ധാരാളം പേര് വരുന്നുണ്ട്. ആശ്ചര്യത്തോടെ കേള്ക്കും, പറയും, ബാബയുടേതാകും പിന്നെ വീണ് പോകും ഓടി പോകുകയും ചെയ്യും. ഇത് ആരംഭം മുതലേ ഉണ്ടായി കൊണ്ടിരിക്കുന്നു. രാവിലെ പറയും എനിക്ക് ഉറച്ച നിശ്ചയമുണ്ട് എന്ന്, വൈകീട്ട് പറയും എനിക്ക് സംശയമാണ്, ഞാന് പോകുന്നു, എനിക്ക് ഇങ്ങിനെ നടക്കാന് കഴിയില്ല. ലക്ഷ്യം ഉയര്ന്നതാണ്, ഞാന് വിട്ടുപോകുന്നു. ഡ്രാമയുടെ നിയതിയാണ്. ബാബയില് നിന്ന് വേര്പിരിയുന്നു. മായ വളരെ പ്രബലയാണ് പോയി കൊണ്ടിരിക്കെ നല്ല അടി തരുന്നു. ബാബാ മായയോട് അല്പം മൃദുവാകാന് പറയൂ എന്ന് കുട്ടികള് പറയുന്നു. ബാബ പറയുന്നു - ഞാന് മായയോട് നന്നായി ചൂടാകൂ എന്നാണ് പറയുന്നത്. ബാബ പറയുന്നു ശ്രദ്ധിച്ചിരിക്കണം, മായയുടെ അടിയില് നിങ്ങള് വീണ് പോകരുത്. ജനകന് സമാനം ഗൃഹസ്ഥത്തില് ഇരുന്നും ജീവന്മുക്തി നേടണം എന്നാണ് നിങ്ങള് ചോദിക്കുന്നത്.

ബാബ പറയുന്നു ഒരു ജന്മം പവിത്രമാകുകയാണെങ്കില് നിങ്ങള് സ്വര്ഗത്തിലെ അധികാരിയാകും. മനുഷ്യര്ക്ക് വിഷത്തിനോട് ( വികാരങ്ങളോട് ) എന്തിഷ്ടമാണ്. പോയി പോയി വീണ് പോകുന്നു. ഞങ്ങള് വിവാഹം ചെയ്യാന് ആഗ്രഹിക്കുന്നില്ല എങ്കില് ഗവണ്മെന്റിന് ഒന്നും ചെയ്യാന് കഴിയില്ല. പൂജാരിയായി എല്ലാവരുടെ മുന്നിലും തലകുനിക്കുന്ന നമ്മള് പതിതരായതെങ്ങിനെ എന്ന് മനസിലാക്കി കൊടുക്കണം. ഞാന് കുമാരിയായിരുന്നു എങ്കില് എല്ലാവരും എന്റെ മുന്നില് തല കുനിക്കുമായിരുന്നു, എങ്കില് എന്ത് കൊണ്ട് ഞങ്ങള്ക്ക് പൂജ്യരായിരുന്നു കൂടാ. പരിധിയില്ലാത്ത അച്ഛന് പറയുന്നു പവിത്ര പൂജ്യരായി മാറൂ. രാജയോഗത്തിന്റെ പരീക്ഷ ഒന്ന് മാത്രമാണ്. എത്ര കയറുന്നു, വീഴുന്നു. ഓരോരുത്തരും അവരവരുടെ പാര്ട്ടഭിനയിക്കുന്നു. കല്പ്പം മുമ്പ് എന്താണോ ഉണ്ടായത് അത് തന്നേയായിരിക്കും ഫലം. ഇത് ഡ്രാമയാണ്. നമ്മള് അഭിനേതാക്കളും. പൂര്ണമായും നഷ്ടമോഹയായാല് ബാബയോട് പൂര്ണമായും പ്രീതിയുണ്ടാകും. ബാബാ, ഞങ്ങള് അങ്ങയെ തന്നേ ഓര്മ്മിക്കും, അങ്ങയില് നിന്ന് സമ്പത്തെടുക്കുക തന്നെ ചെയ്യും. ഇങ്ങിനെ പ്രതിജ്ഞ ചെയ്യണം, അപ്പോള് മാത്രമേ സ്ത്രീ-പുരുഷന്മാര് രണ്ട് പേരും പവിത്രമായി സ്വര്ഗധാമില് പോകാന് സാധിക്കൂ. രണ്ട് പേരും ജ്ഞാന ചിതയില് ഇരിക്കും. ഇങ്ങിനെ ധാരാളം ജോടികളുണ്ടാകും. പിന്നെ വേഗം വേഗം വൃക്ഷം വളരാന് തുടങ്ങും. ശരി !

വളരെക്കാലത്തെ വേര്പാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലര്കാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്റെ ഈ രഥമുള്പ്പെടെ എല്ലാം ഈ അവിനാശീ ജ്ഞാനയജ്ഞത്തില് സ്വാഹ ചെയ്യണം. സേവനത്തില് വളരെ ചുറു ചുറുക്കും വേഗതയും ഉള്ളവരാകണം.

2 മായ എത്ര തന്നെ ചൂടായാലും ശ്രദ്ധയോടെ ഇരുന്ന് മായയുടെ അടിയില് നിന്ന് സ്വയത്തെ രക്ഷിക്കണം. ഭയക്കരുത്.

വരദാനം :- ദയാഭാവത്തെ ധാരണ ചെയ്ത് സര്വ്വരുടെയും സമസ്യകളെ സമാപ്തമാക്കുന്ന മാസ്റ്റര് ദാതാവായി ഭവിക്കട്ടെ.

ഏത് ആത്മാക്കളുമായും സമ്പര്ക്കത്തില് വരുമ്പോള്, ആര് എങ്ങനെയുള്ള സംസ്കാരമുള്ളവരാകട്ടെ, എതിര്ക്കാന് വരുന്നവരാകട്ടെ, ഉരശുന്ന സ്വഭാവമുള്ളവരാകട്ടെ, ക്രോധികളാകട്ടെ, എത്ര തന്നെ വിരോധികളാകട്ടെ, താങ്കളുടെ ദയാഭാവന അവരുടെ അനേക ജന്മങ്ങളിലെ കടുത്ത കര്മ്മക്കണക്കുകളെ സെക്കന്റിനുള്ളില് സമാപ്തമാക്കും. താങ്കള് കേവലം താങ്കളുടെ അനാദി ആദി ദാതാവിന്റെ സംസ്കാരങ്ങളെ പുറത്ത് കൊണ്ടുവന്ന് ദയാഭാവത്തെ ധാരണ ചെയ്യൂ എങ്കില് ബ്രാഹ്മണ പരിവാരത്തിന്റെ സര്വ്വ സമസ്യകളും സമാപ്തമാകും.

സ്ലോഗന് :- പുണ്യാത്മാവാകുക എന്നാല് തന്റെ ദയാഹൃദയ സ്വരൂപവും ദൃഷ്ടിയിലൂടെയും ഓരോ ആത്മാവിനെയും പരിവര്ത്തനം ചെയ്യുക തന്നെയാണ്.